(എഫ്) കണ്ണൂർ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാരണത്താലാണോ വൈദ്യുതിബോർഡ് ചെയർമാനെ നീക്കം ചെയ്തത് ;

(ജി) ഇത് സംബന്ധിച്ച് വൈദ്യുതിബോർഡ് ചെയർമാന് ഷോക്കോസ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഷോക്കോസ് നോട്ടീസിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂരിൽ ഒരു താപവൈദ്യുതനിലയം സ്ഥാപിക്കുന്നതു സംബന്ധിച്ച് കണ്ണൂർ പവർ പ്രോജക്ടുമായി ഒരു ഇൻഡിക്കേറ്റീവ് പി.പി.എ. ഒപ്പുവെച്ചിട്ടുണ്ട്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) ഇത്തരമൊരു നിലപാട് സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന വൈദ്യുതിബോർഡ് കണ്ണൂർ പവർ പ്രോജക്ട്സ് ലിമിറ്റഡുമായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് 9-2-1995-ലും ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് 14-3-1996-ലും ഒപ്പുവച്ചിട്ടുണ്ട്.

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായ ടെക്നോ എക്കണോമിക് ക്ലിയറൻസ് 16-2-2000-ൽ ലഭിച്ചു.

(ഇ) ഇല്ല.

(എഫ്) അല്ല.

(ജി) ഷോക്കോസ് നോട്ടീസ് നൽകിയിട്ടില്ല. ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി കോൺടാക്ട് റൂൾ വിരുദ്ധമായി പത്രങ്ങൾക്ക് അഭിമുഖം നൽകിയതുമായി ബന്ധപ്പെട്ട് മന്ത്രിസഭാ തീരുമാനമനുസരിച്ച് വിശദീകരണം ചോദിച്ചിട്ടുണ്ട്.

കണ്ണൂർ വൈദ്യുതി നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം

75(288) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വൈദ്യുതി നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

വൈപ്പിൻ വൈദ്യുതി നിലയം

76(289) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലേഷ്യയിലെ റംസി നാൽസെബാഗി എന്ന കമ്പനിയുടെ നേതൃത്വത്തിൽ 1200 മെഗാവാട്ട് ശേഷിയുള്ള ഒരു വൈദ്യുതി നിലയം വൈപ്പിനിൽ തുടങ്ങുവാൻ ഉദ്ദേശിച്ചിരുന്നുവോ :

(ബി) ഇതിന് 1998-ൽ കേന്ദ്ര വൈദ്യുതി അതോറിറ്റി സാമ്പത്തികാനുമതി നൽകിയിരുന്നുവോ ;

(സി) ഈ പദ്ധതി തുടങ്ങുന്നതിനാവശ്യമായ എന്തെല്ലാം അനുമതി ഈ കമ്പനി നേടിയിരുന്നു ; ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിരുന്നുവോ ;

(ഡി) ഈ കമ്പനിക്ക് ആവശ്യമായ തുക നൽകുന്നതിനുള്ള പിൻതുണയും ഗ്യാരന്റിയും വൈദ്യുതി ബോർഡ് നൽകിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഇപ്പോൾ ഈ കമ്പനിയുടെ സംസ്ഥാനത്തെ പ്രവർത്തനം നിർത്തി വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡ് സിംഗപ്പൂരിലെ സിയാസിൻ ട്രേഡിംഗ് ആന്റ് സർവ്വീസ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 1200 മെഗാവാട്ട് ശേഷിയുള്ള, വാതകം അടിസ്ഥാമാക്കിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുവാനായി ധാരാണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടി കമ്പനി സിയാസിൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു ഇന്ത്യൻ ജനറേറ്റിംഗ് കമ്പനി രൂപീകരിച്ചു. മലേഷ്യയിലെ പെമ്പിനാൻ റെസ്സായ് എസ്.ഡി.എൻ.സി.എച്ച്.ഡി. എന്ന കമ്പനി, സിയാസിൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് തങ്ങളുടെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടമായ 679.2 മെഗാവാട്ട് കമ്പയിൻസ് സൈക്കിൾ പവർ പ്ലാന്റ് സ്ഥാപിക്കുവാനുള്ള അനുമതി 25-9-1998-ൽ കേന്ദ്രവൈദ്യുത അതോറിറ്റി നൽകിയിട്ടുണ്ട്.

(സി) ഫോം ഫിനാൻഷ്യൽ പാക്കേജിനുള്ള അംഗീകാരം ഒഴിച്ച് ബാക്കിയുള്ള അനുമതികൾ നേടിയിട്ടുണ്ട്. പുതുവൈപ്പിൽ 200 ഏക്കർ ഭൂമി പ്രസ്തുത പ്രോജക്ടിനുവേണ്ടി ഏറ്റെടുക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly